ഉത്തരം

(എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഈ മന്ത്രിസഭയിലെ അംഗങ്ങൾ നടത്തിയ വിദേശ വിമാനയാത്രകളുടെ എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.*

(ബി) ഔദ്യോഗിക വിദേശയാത്രകൾക്കായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള അംഗങ്ങൾ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം അനുബന്ധം ബി ആയി ചേർത്തിട്ടുണ്ട്.*

(സി) ഇന്ത്യയ്ക്കകത്ത് വിമാന യാത്ര നടത്തിയതിന് മുഖ്യമന്ത്രിയും മന്ത്രിമാരും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം സി ആയി ചേർത്തിട്ടുണ്ട്.*

സർവ്വീസിൽനിന്നും പിരിഞ്ഞവരും പുതുതായി പ്രവേശിച്ചവരും

20 (1723) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സിവിൽ സർവ്വീസിലെ വിവിധ തസ്തികകളിൽ നിന്നും പിരിഞ്ഞവർ എത്രയാണെന്നും പുതുതായി സർവ്വീസിലേക്ക് കടന്നുവന്നവർ എത്രയാണെന്നും വ്യക്തമാക്കാമോ ;

(ബി) സർവ്വീസിൽനിന്നും ഒരുദ്യോഗസ്ഥൻ പിരിഞ്ഞതിനുശേഷം നിയമനം നടത്താതിരിക്കുകയും കാലക്രമത്തിൽ പ്രസ്തുത തസ്തിക തന്നെ നിർത്തലാക്കുകയും ചെയ്ത എത്ര തസ്തികകൾ ഈ കാലയളവിൽ ഉണ്ടായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-6-2015 വരെ സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ നിന്നും 471 പേർ വിരമിക്കുകയും 1477 പേർ പുതുതായി സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തു. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉദ്യോഗസ്ഥൻ വിരമിക്കുന്ന മുറയ്ക്ക് ആ തസ്തികയിലേക്ക് സീനിയർ മോസ്റ്റ് ആയ ആളെ നിയമിക്കുന്ന രീതി തന്നെയാണ് നടന്നുവരുന്നത്. തസ്തികകൾ കാലക്രമത്തിൽ നിന്നുപോയ സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല.

തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ

21 (1724) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2015 മേയ് 31 വരെ ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്ന എത്ര ഫയലുകൾ വീതം തീരുമാനം എടുത്ത് തിരിച്ചയയ്ക്കാൻ ബാക്കി നില്പുണ്ടായിരുന്നുവെന്നും മൂന്നും ആറും മാസവും ഒരു വർഷത്തിൽ കൂടുതലും കാലമായി തീരുമാനമാകാതെ മന്ത്രി കാര്യാലയത്തിൽ കെട്ടിക്കിടപ്പുള്ള ഫയലുകൾ എത്ര എന്നും അറിയിക്കാമോ ;

(സി) മുഖ്യമന്ത്രിയുടെ കാര്യാലയത്തിൽ മന്ത്രിസഭായോഗ തീരുമാനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് സംബന്ധിച്ച എത്ര ഫയലുകൾ 2015 മേയ് 31 അവസാനിക്കുമ്പോൾ ബാക്കിയുണ്ടായിരുന്നുവെന്ന വ്യക്തമാക്കുമോ ;

(ഡി) മുഖ്യമന്ത്രിയുടെ കാര്യാലയത്തിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതായ എത്ര ഫയലുകൾ 2015 മേയ് 31 അവസാനിക്കുമ്പോൾ ബാക്കിയുണ്ടായിരുന്നുവെന്ന അറിയിക്കാമോ ?

ഉത്തരം

(എ) 2015 ഏപ്രിൽ മാസത്തെ പ്രതിമാസ പ്രവർത്തന പത്രിക പ്രകാരം സെക്രട്ടേറിയറ്റിൽ 134563 ഫയലുകൾ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്വാതന്ത്ര്യസമര പെൻഷൻ

22 (1725) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കുന്നത് എത്ര പേർക്കാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര പേർ ആശ്രിതരാണെന്ന് പറയാമോ;

(സി) സ്വാതന്ത്ര്യസമര പെൻഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(ഡി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly